**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5089** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പട്ടയം ഡാഷ്ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിയമപ്രശ്നങ്ങളാൽ പട്ടയം അനുവദിക്കാൻ കഴിയാതിരുന്ന കൈവശഭൂമികളിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കാനായി രൂപീകരിച്ച സംസ്ഥാന പട്ടയ മിഷന്റെ കീഴിലുള്ള 'ഓൺലൈൻ പട്ടയം ഡാഷ്ബോർഡിൽ' എത്ര കൈവശക്കാരുടെ അപേക്ഷകളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്; പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ട കൈവശക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡാഷ്ബോർഡിൽ ഉൾപ്പെടുത്തപ്പെട്ട കേസുകളിൽ പട്ടയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (ബി) | '1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ച് നൽകൽ ആക്ട്'-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് '1964-ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങൾ' പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് '1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ച് നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ' പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br>ഇപ്രകാരം പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി 19.04.2023-ലെ സ.ഉ.(കൈ)87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് സംസ്ഥാനത്ത് 'പട്ടയ മിഷൻ' എന്ന കർമ്മ പദ്ധതി രൂപം നൽകിയിട്ടുള്ളതാണ്.<br>1964-ലെയും 1995-ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ച് വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി |

പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ ബഹു.റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.

ഇത് കൂടാതെ ജില്ലകളെ ദക്ഷിണ - മധ്യ - ഉത്തര എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

മേൽ പരാമർശിച്ചത് കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പട്ടയ അസംബ്ലികൾ 2025 മാർച്ച് 1 മുതൽ 31 നകം കൂടുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര പുരോഗതി പ്രസ്തുത യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നതുമാണ്.

സംസ്ഥാനത്തെ പട്ടയ വിതരണ നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി, ബഹു.റവന്യൂ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി തുടങ്ങിയവരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുള്ളതും, പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ഇക്കാര്യത്തിൽ ചട്ടഭേദഗതി ആവശ്യമുള്ള പക്ഷം ആയത് പരിശോധിക്കുന്നതിനും തീരുമാനമായിട്ടുള്ളതാണ്.<br>വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്ന ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.വനം വകുപ്പ് മന്ത്രി, ബഹു.ജലവിഭവ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിലും ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ നടത്തിയിട്ടുള്ളതും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | ഡാഷ്ബോർഡിൽ ഉൾപ്പെട്ട കേസുകളിന്മേൽ പട്ടയ മിഷൻ മുഖേന ലഭിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ചുകൊണ്ട് എത്ര ഉത്തരവുകൾ/നിർദ്ദേശങ്ങൾ നാളിതുവരെയായി പുറപ്പെടുവിച്ചു; അതു വഴി എത്ര പട്ടയങ്ങൾ അനുവദിച്ചുവെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | 188 ഉത്തരവുകൾ / നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിലായി 18,582 പട്ടയങ്ങൾ ഇതിലൂടെ അനുവദിച്ചിട്ടുണ്ട്.<br>1,80,887 പട്ടയങ്ങളാണ് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നൽകിയിട്ടുള്ളത്. പുതിയ കേസുകൾ നിലവിലുള്ള ഡാഷ് ബോർഡിന് പുറത്തുണ്ടെന്ന പ്രശ്നം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് എം.എൽ.എ മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള പട്ടയ അസംബ്ലിയുടെ രണ്ടാം എഡിഷൻ മാർച്ച് 1 നും 31 നുമിടയിൽ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അസംബ്ലികളിൽ ഉയർന്ന് വരുന്ന പ്രശ്നങ്ങളിൽ താലൂക്ക് / ജില്ലാ നിലവാരത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ വീണ്ടും ഡാഷ്ബോർഡിൽ ഉൾപ്പെടുത്തും. |
| (ഡി) | സർക്കാർ ഉത്തരവ്/നിർദ്ദേശം മുഖേനയല്ലാതെ മറ്റ തരത്തിൽ എത്ര കേസുകൾ പരിഹരിച്ചു; അതുവഴി എത്ര പട്ടയങ്ങൾ അനുവദിച്ചു; ഇനിയും പുതിയ കേസുകൾ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തുന്നതിനായി അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | 188 ഉത്തരവുകൾ / നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് . വിവിധ ജില്ലകളിലായി 18,582 പട്ടയങ്ങൾ ഇതിലൂടെ അനുവദിച്ചിട്ടുണ്ട്.<br>1,80,887 പട്ടയങ്ങളാണ് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നൽകിയിട്ടുള്ളത്. പുതിയ കേസുകൾ നിലവിലുള്ള ഡാഷ് ബോർഡിന് പുറത്തുണ്ടെന്ന പ്രശ്നം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് എം.എൽ.എ മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള പട്ടയ അസംബ്ലിയുടെ രണ്ടാം എഡിഷൻ മാർച്ച് 1 നും 31 നുമിടയിൽ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അസംബ്ലികളിൽ ഉയർന്ന് വരുന്ന പ്രശ്നങ്ങളിൽ താലൂക്ക് / ജില്ലാ നിലവാരത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ വീണ്ടും ഡാഷ്ബോർഡിൽ ഉൾപ്പെടുത്തും. |
| (ഇ) | പട്ടയ വിവരശേഖരണത്തിൽ സംസ്ഥാന തലത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലയും താലൂക്കും തിരിച്ച് ലഭ്യമാക്കുമോ? | (ഇ) | പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തുന്നതിനായി പട്ടയ വിവരശേഖരണം എന്ന നിലയിൽ സംസ്ഥാനതലത്തിൽ അപേക്ഷകളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | ഡാഷ് ബോർഡിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ എണ്ണം | പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 169 | 2411 |
| 2. | കൊല്ലം | 36 | 2718 |
| 3. | പത്തനംതിട്ട | 72 | 9993 |
| 4. | ആലപ്പുഴ | 72 | 459 |
| 5. | കോട്ടയം | 136 | 8956 |
| 6. | ഇടുക്കി | 58 | 23106 |
| 7. | എറണാകുളം | 120 | 7057 |
| 8. | തൃശ്ശൂർ | 314 | 1806 |
| 9. | പാലക്കാട് | 198 | 1376 |
| 10. | മലപ്പുറം | 35 | 981 |
| 11. | കോഴിക്കോട് | 175 | 2307 |
| 12. | വയനാട് | 11 | 1950 |
| 13. | കണ്ണൂർ | 48 | 758 |
| 14. | കാസർഗോഡ് | 8 | 172 |
| **ആകെ** | | **1452** | **64050** |